71 (1177) കണക്കൻകടവ് ബ്രിഡ്ജ്-കം-റെഗുലേറ്ററിന്റെ പണി

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984 ൽ അന്നത്തെ മുഖ്യമന്ത്രി ശിലാസ്ഥാപനം നടത്തി നിർമ്മാണം ആരംഭിച്ച എറണാകുളം ജില്ലയിലെ കണക്കൻകടവ് ബ്രിഡ്ജ്-കം-റെഗുലേറ്ററിന്റെ പണി ഇടയ്ക്ക് മുടങ്ങിയത് എന്നായിരുന്നു; ഇതിന്റെ കാരണമെന്തായിരുന്നു.

(ബി) ശിലാസ്ഥാപനം നടത്തുമ്പോൾ ഈ പണിക്ക് ഭരണാനുമതി ലഭിച്ചിരുന്നുവോ; എങ്കിൽ ഇതിന്റെ എസ്റ്റിമേറ്റ് എത്രയായിരുന്നു;

(സി) പണിനിലച്ചതിനുശേഷം എത്രവർഷം കഴിഞ്ഞാണ് പുനരാരംഭിച്ചത്; അത് എന്നായിരുന്നു; ഭരണാനുമതി നൽകിയ പുതുക്കിയ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു;

(ഡി) പണി പൂർത്തിയായ ശേഷമാണോ 30.5.1999ന് ഗതാഗതത്തിന് തുറന്നുകൊടുത്തത്; ഇല്ലെങ്കിൽ ഇനി ശേഷിക്കുന്ന പണികൾ എന്തൊക്കെയാണ്; ഇത്രയും കാലതാമസത്തിനു കാരണം വെളിപ്പെടുത്തുമോ;

ഉത്തരം

(എ) 29.6.1984-ൽ പണി തുടങ്ങി കണക്കൻകടവ് ബ്രിഡ്ജ്-കം-റെഗുലേറ്റർ എഗ്രിമെന്റ് അനുസരിച്ച് കരാറുകാരൻ 23.6.1987ൽ പൂർത്തിയാക്കേണ്ടതായിരുന്നു. ആ കാലഘട്ടത്തിൽ പണിയ്ക്കായി അലോട്ടുചെയ്തു കിട്ടിയിരുന്ന ഫണ്ടിന്റെ അപര്യാപ്തതമൂലവും പണിയുടെ രൂപരേഖയിൽ വന്ന ചില മാറ്റങ്ങൾ കാരണവും പണി ഉദ്ദേശിച്ച രീതിയിൽ പുരോഗമിച്ചില്ല. അതുകൊണ്ട് 27.6.1987ന് ശേഷം പണി മുടങ്ങുകയും 26.6.91ൽ പണി ഏറ്റെടുത്തിരുന്ന കരാറുകാരനെ ഒഴിവാക്കുകയും ചെയ്തു.

(ബി) പ്രസ്തുത പ്രോജക്ടിന് 29.4.1983ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 20/83/ഡബ്ല്യൂ. ആന്റ് പി.) പ്രകാരം ഭരണാനുമതി നൽകിയിരുന്നതും 14.11.1983 ൽ ശിലാസ്ഥാപനം നടത്തിയിട്ടുള്ളതുമാണ്. ഇതിന്റെ എസ്റ്റിമേറ്റ് തുക 235 ലക്ഷം രൂപയായിരുന്നു.

(സി) പണി പുനരാരംഭിച്ചതു 1.6.1994-ൽ ആണ് പുതുക്കിയ എസ്റ്റിമേറ്റ് തുക 543 ലക്ഷം രൂപയാണ്.

(ഡി) 30.5.1999ന് മുമ്പ് പ്രോജക്ടിന്റെ എല്ലാ പണികളും തീർക്കുവാൻ ലക്ഷ്യമിട്ടു ഉദ്ഘാടനം തീരുമാനിച്ചിരുന്നു. എന്നാൽ അപ്രതീക്ഷിതമായി നേരത്തെ ഉണ്ടായ ശക്തിയായ മഴമൂലം അപ്രോച്ച് റോഡിന്റെ മെറ്റലിംഗും, ടാറിംഗും, റെഗുലേറ്റർ ഷട്ടർ ഘടിപ്പിക്കുന്ന ജോലികളും തീർക്കുവാൻ സാധിച്ചില്ല. അപ്രോച്ച് റോഡിന്റെ മെറ്റലിംഗും ടാറിംഗും റെഗുലേറ്റർ ഷട്ടറുകൾ ഘടിപ്പിക്കുന്ന പണികളും ഒഴിച്ചു ബാക്കിയുള്ള പണികൾ തീർത്ത് 30.05.99-ൽ തന്നെ പാലം ഗതാഗതത്തിന് തുറന്നുകൊടുത്തു. അപ്രോച്ച് റോഡിന്റെ മെറ്റലിംഗ്, ടാറിംഗ്, റെഗുലേറ്റർ ഷട്ടർ ഘടിപ്പിക്കൽ തുടങ്ങിയ പണികൾ മാത്രമാണ് ശേഷിക്കുന്നത്. പദ്ധതിയുടെ അസ്ഥിവാര പണികളുടെ രൂപകല്പനയിൽ വന്ന മാറ്റവും പ്രതികൂലമായ കാലാവസ്ഥയും ഫണ്ടിന്റെ അഭാവവും പണികളുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുകയും പണി ഉദ്ദേശിച്ചപോലെ നിശ്ചിത സമയത്ത് പൂർണ്ണമായും തീർക്കാൻ കഴിയാതെ വരികയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly